# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ
## HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)
## 28 September 2018
## (18 Muharram 1440 AH)

# "CONJUGAL RELATIONS IN ISLAM".
# ഇസ്ലാമിലെ ദാമ്പത്യജീവിത ബന്ധങ്ങൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വ്ദ്, സൂറ:അൽഫാതിഹ ഓതിയശേഷം **ഇസ്ലാമിലെ ദാമ്പത്യജീവിത ബന്ധങ്ങൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)യുടേതായിട്ട് ഇമാം ബുഖാരി(റ) ഒരു ഹദീസ് ഉദ്ധരിച്ചിരിക്കുന്നു. അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒരു ഭർത്താവ് തന്റെ ഭാര്യയെ അവന്റെ കിടക്കയിലേക്ക് ക്ഷണിച്ചാൽ (അതായത് ലൈംഗികബന്ധത്തിനായി) എന്നിട്ടവൾ അത് നിരസിച്ചാൽ, അവൻ കോപത്തോടെ രാത്രീ ഉറങ്ങാൻ ഇടവന്നാൽ, മാലാഖമാർ അവളെ പ്രഭാതംവരെയും ശപിച്ചുകൊണ്ടിരിക്കുന്നതാണ്.

അനേകം സ്ത്രീകൾ, അവരും അവരുടെ ഭർത്താക്കന്മാരുമായി തർക്കത്തിലാവാറുണ്ട്, തത്ഫലമായി ഭാര്യമാർ കരുതുന്നു ലൈംഗിക ബന്ധത്തിന് സമ്മതിക്കാതെ അവരുടെ ഭർത്താക്കന്മാരെ ശിക്ഷിക്കാമെന്ന്! എങ്ങനെയായാലും പ്രസ്തുത സാഹചര്യം അഥവാ മനോഭാവം കൂടുതൽ പ്രശ്നങ്ങളിലേക്ക് നയിക്കുന്നു. ഭർത്താക്കന്മാർ നിരോധിക്കപ്പെട്ട പ്രവർത്തിയിലേക്ക് വഴിമാറി പോകാനിടയുണ്ട്. കാര്യങ്ങൾമൊത്തത്തിൽ അവൾക്കെതിരായി തിരിയുവാനും സാധ്യതയുണ്ട്, ഭർത്താവ് മറ്റൊരു വിവാഹത്തിനെപറ്റി ആലോചിക്കുവാൻ തയ്യാറാകുന്നു. ആയതിനാൽ ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരുടെ ലൈംഗികാവശ്യങ്ങൾ പൂർത്തിയാക്കി കൊടുക്കേണ്ടതാണ്. പരിശുദ്ധ പ്രവാചകൻ(സ) ശുപാർശ ചെയ്ത ജീവിതചര്യ പ്രവർത്തിപഥത്തിൽ കൊണ്ടു വരുവാൻ അവർ യത്നിക്കേണ്ടതാണ്.

പുരുഷൻ/ഭർത്താവ് ലൈംഗികബന്ധത്തിനായി തന്റെ ഭാര്യയെ വിളിച്ചാൽ, അവൾ ഉടൻതന്നെ അതിന് തയ്യാറാകേണ്ടതാണ്, അവൾ ഒരു സവാരി ഒട്ടകത്തിന്റെ മുകളിലാണെങ്കിൽ പോലും ശരി! അതേ സമയം, തന്റെ ഭാര്യയുടെ അവസ്ഥ ഭർത്താവും കണക്കിലെടുക്കേണ്ടതാണ്. അവർ

ചിലപ്പോൾ രോഗി ആയിരിക്കാം, ഗർഭിണി ആയിരിക്കാം, അല്ലെങ്കിൽ മറ്റെന്തെങ്കിലും കുഴപ്പത്തിലായിരിക്കാം, ഈ കാര്യങ്ങളൊക്കെ പരിഗണിച്ച് തമ്മിൽ യോജിപ്പിലെത്തണം, ഒരു പ്രയാസവുമില്ലാതെ

അനേകം സ്ത്രീകൾ, തങ്ങളുടെ ഭർത്താക്കന്മാരോട് വിവാഹമോചനം ആവശ്യപ്പെടുന്നതിൽ ആകാംഷയുള്ളവരാണ്, അവർക്കിടയിൽ ഒരു ചെറിയ തർക്കമുണ്ടായാൽ മതി! അഥവാ വെറും ബാലിശമായ കാരണങ്ങൾ മതി അവർക്ക്! സ്ത്രീകൾ ഇങ്ങനെ ചെയ്യുന്നത് തർക്കമുണ്ടാക്കുന്നതിൽ നിപുണരായ അയൽവാസികളോ, അടുത്തബന്ധുക്കളോ ഉണ്ടാകും. അങ്ങനെ പ്രസ്തുത സ്ത്രീകൾ ഭർത്താക്കന്മാരെ വെല്ലുവിളിക്കുവാൻ തുടങ്ങും. പ്രസ്തുത സ്ത്രീകൾ ഉപയോഗിക്കുന്ന വാക്കുകൾ പരുഷതയേറിയതാകും ഭർത്താക്കന്മാരെ ദേഷ്യം പിടിപ്പിക്കുന്നതുമായിരിക്കും. നിങ്ങൾ ഒരു ആണാണെങ്കിൽ, എന്നെ വേണ്ടാ എന്ന് വെയ്ക്കുക! ഇത്തരം വാക്ക് പ്രയോഗങ്ങളായിരിക്കും പ്രസ്തുത സ്ത്രീകൾ പ്രയോഗിക്കുന്നത്.

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും, എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ് വിവാഹമോചനം വളരെയധികം പ്രശ്നങ്ങൾക്ക് കാരണമാകുന്ന ഒരു വിഷയമാണ്. കുടുംബത്തിന്റെ വേർപിരിയാലും കുട്ടികളുടെ അസന്തുലിതാവസ്ഥയും! പിന്നീട് സ്ത്രീകൾ ദുഃഖിക്കേണ്ടി വരും. അപ്പോൾ അത് വളരെ വൈകിപോയിരിക്കും. ഇക്കാരണങ്ങളാലും, മറ്റു പല കാരണങ്ങളാലും, ഇസ്ലാമിക നിയമത്തിന്റെ ബുദ്ധി പ്രത്യക്ഷപ്പെടുന്നു അത് വിവാഹമോചനത്തിൽ നിന്നും സ്ത്രീകളെ തടയുന്നു.

ഹസ്രത് തൗബാൻ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദൈവദൂതൻ(സ) പറഞ്ഞിരിക്കുന്നു തക്കതായ കാരണമില്ലാതെ ഒരു സ്ത്രീ ഭർത്താവിനോട് വിവാഹമോചനം ആവശ്യപ്പെട്ടാൽ, സ്വർഗ്ഗത്തിലെ സുഗന്ധം അവൾക്ക് തടയപ്പെടുന്നതാണ്. (അഹ്മദ്)

ഉഖ്ബ ഇബ്ന് ആമിർ(റ) ന്റെ അഭിപ്രായപ്രകാരം, പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു. വിവാഹമോചനം ആവശ്യപ്പെടുകയും, തങ്ങളുടെ ഭർത്താവിൽ നിന്ന് വേർപിരിയൽ നേടുകയും ചെയ്യുന്നവർ കപടവിശ്വാസികളാണ് (തബറാനി)

എന്നിരുന്നാലും, നിയമപരമായി ഒരു പരാതി ഉണ്ടായാൽ, അതിന് തക്കതായ കാരണങ്ങളും ഉണ്ടെങ്കിൽ, അതായത് അവളുടെ പ്രാർത്ഥന തടയുക, അല്ലെങ്കിൽ ഭർത്താവ്, അതെ, മദ്യപാനിയായിരുക്കുക(മദ്യം/ചാരായം) മറ്റു ലഹരിമരുന്നുകൾ ഉപയോഗിക്കുക, അല്ലെങ്കിൽ നിരോധിക്കപ്പെട്ട ഒരു കാര്യം ചെയ്യുവാൻ ഭർത്താവ് ഭാര്യയെ നിർബന്ധിക്കുക, അല്ലെങ്കിൽ അവളോട് മോശമായ നിലയിൽ പെരുമാറി പീഡിപ്പിക്കുക. അല്ലെങ്കിൽ അവളുടെ നിയമപരമായ അവകാശങ്ങളിൽ നിന്നും അവളെ വിദൂരത്താക്കുക, എന്നിട്ട്, ഭർത്താവിനെ കാര്യമായ നിലയിൽ ഉപദേശിച്ചിട്ടും,

ഫലം കാണാതെവരുകയും നേരെയാക്കുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെടുകയും ചെയ്യുമ്പോൾ, സ്ത്രീക്ക് പിന്നെ ഒന്നും ചെയ്യാനില്ല വിവാഹമോചനം തേടുകയല്ലാതെ! അവളുടെ ദീനിനെയും അവളെതന്നെയും സംരക്ഷിക്കുന്നതിനായി.

ആർത്തവ സമയത്ത് ഭർത്താവിന് തന്റെ ഭാര്യയെ സമീപിക്കുവാനുള്ള അനുവാദമില്ല. അവൾ സ്വയം കുളിച്ചു ശുദ്ധിആകുന്നതുവരെ (ആർത്തവ ശേഷം ആചാരപരമായ കുളി കുളിച്ച് സ്ത്രീശുദ്ധിയാകേണ്ടതാണ്)

ശരീരേഛയ്ക്ക് വശംവദനനായി ആർത്തവസമയത്ത് ആരെങ്കിലും തന്റെ ഭാര്യയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ, ഒരു സ്വർണ്ണദിനാർത്തൂക്കത്തിലുള്ള മൂല്യം, അതായത് 4.25ഗ്രാം തൂക്ക സ്വർണ്ണവില (പ്രായശ്ചിത്തമായി) നല്കേണ്ടതാണ്. ഇത് ഒരു ഹദീസിനെ അടിസ്ഥാനപ്പെടുത്തിയുള്ള കാര്യമാണ്. ഹസ്രത് ഇബ്ന് അബ്ബാസ്(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദൈവദൂതൻ(സ) പറഞ്ഞതെന്തെന്നാൽ, ആർത്തവസമയത്ത് ഒരാൾ തന്റെ ഭാര്യയുമായി ലൈംഗികബന്ധം നടത്തിയാൽ, അവൻ ഒരു ദിനാർ, അല്ലെങ്കിൽ 1/2 ദിനാർ ദാനമായി നല്കേണ്ടതാണ്.

ഒരു വിദേശവനിതയുടെ സുഹൃത്തായി ഒരുവൻ ഒറ്റയ്ക്കായാൽ, സാത്താൻ വളരെ പ്രയത്നം നടത്തുന്നതാണ്. ആളുകളെ പ്രേരിപ്പിക്കുന്നതാണ്, നിഷിദ്ധമായ കാര്യങ്ങളിൽ അവരെ അകപ്പെടുത്തുന്നതിന്! അതുകൊണ്ടാണ് സർവ്വശക്തനായ അല്ലാഹു സാത്താനെതിരിൽ മുന്നറിയിപ്പ് നല്കിയത്, അവൻ അധാർമ്മികതയിൽ അകപ്പെടുത്തുന്നവനും, തെറ്റു ചെയ്യുവാൻ പ്രേരിപ്പിക്കുന്നവനുമാണ് നിങ്ങൾ കരുതിയിരിക്കുക!

## ധാരാളം കുട്ടികൾ ഉണ്ടായിരിക്കുക എന്നതിലെ അനുഗ്രഹങ്ങൾ

ഒരു മാതാവിന്റെയും പിതാവിന്റെയും കൂടിചേരലിലൂടെ മനുഷ്യന്റെ പിൻതലമുറയെ സൃഷ്ടിക്കുവാൻ അല്ലാഹു(ത) ആഗ്രഹിക്കുന്നു. ഒരു പുരുഷന്റെയും സ്ത്രീയുടെയും കൂടിചേരലിലൂടെ ഉണ്ടാകുന്നത്, സർവ്വശക്തനായ അല്ലാഹുവിന്റെ മഹത്വത്തിന്റെ പദ്ധതിയനുസരിച്ചുള്ളതാണ്. (മുസ്ലിം) അങ്ങനെ പ്രവാചകൻ(സ) നമ്മെ പഠിപ്പിച്ചിരിക്കുന്നു. നമ്മുടെ ഭാര്യമാരുടെ രക്ഷിതാക്കളെ ആദരിക്കുവാനും അവരുടെ അഭിമാനം കാത്തുസൂക്ഷിക്കുവാനും അവരുടെ മുൻഗണനാ പദവി അനുസരിച്ച് അല്ലാഹു(ത) പറയുന്നു. അവൻ തന്നെയാണ് വെള്ളത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചത് എന്നിട്ട് അവന് കുടുംബ ബന്ധവും വിവാഹബന്ധവും അവൻ ഉണ്ടാക്കി. നിന്റെ നാഥൻ സർവ്വശക്തനാകുന്നു (25:55)

നാം ജീവിക്കുന്ന ഈ കാലത്ത് ദമ്പതിമാർ കൂടുതൽ കുട്ടികൾ ഉണ്ടാകുന്നതിന് മുൻഗണന കൊടുക്കുന്നില്ല. സമയത്തിന്റെ കുറവും, പരിമിതമായ സാമ്പത്തിക രംഗവും കാരണത്താൽ, ഇത് ഇപ്രകാരമെ കഴിയുകയുള്ളൂ എന്ന് അവർ വാദിക്കുന്നു. അതിന്റെ കാരണങ്ങളും അവൻ നിര

ത്തുന്നു. അന്ത്യദിനത്തിന്റെ ആഗമനത്തിന്റെ അടയാളമായി ഇതിനെ കണക്കാക്കുന്നു. അന്ന് ദമ്പതിമാർ, കുട്ടികൾ ഉണ്ടാകുന്നത് ഇഷ്ടപ്പെടുകയില്ല (ത്വബറാനി) പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) അന്ത്യദിനത്തിന്റെ അടയാളങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽപെടുന്നതാണ് കൂടുതൽ സന്താനങ്ങളുള്ള ദമ്പതിമാർ അന്ന് ദുഃഖിക്കപ്പെടും ഉല്പാദനശേഷിയില്ലാത്ത സ്ത്രീകൾ അന്ന് സന്തോഷിക്കപ്പെടും (ത്വബറാനി)

ഫാമിലി പ്ലാനിംഗ് എന്ന പദ്ധതിയെകുറിച്ച് പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) പ്രവചിച്ചിട്ടുണ്ടായിരുന്നു. ഈ വാദമുഖങ്ങളെ ഖുർആൻ ഖണ്ഡിക്കുന്നു. (അതായത് ഫാമിലി പ്ലാനിംഗിനെ) പകരം വിശുദ്ധഖുർആൻ തറപ്പിച്ചു പറയുന്നു, കൂടുതൽ സന്താനങ്ങൾ ദാരിദ്ര്യത്തിനുള്ള കാരണങ്ങളിൽ പെടുന്നതുമല്ല. നാം ഈ പ്രശ്നം സംബന്ധിച്ച് നേരിട്ടിട്ടുള്ള പന്തയ മധ്യസ്ഥർ ഓരോരുത്തർക്കും ഇപ്പോൾ ബോധ്യമുള്ളവരായിരിക്കുന്നു. പ്രായമായ ജനതയ്ക്ക് നല്കുന്ന പെൻഷൻ തുക അപര്യാപ്തമാണ് എന്ന്! ഇപ്പോൾ നാം ദുഃഖിക്കുകയാണ്, കാരണം പ്രസ്തുത പെൻഷൻതുക ഉപയോഗിച്ച് ഭക്ഷണം കൊടുക്കുവാൻ ആവശ്യമായ സന്താനങ്ങളില്ല. സുന്നത്തനുസരിച്ച് നാം ഒരു ധനവ്യവസ്ഥ പിന്തുടർന്നിരുന്നുവെങ്കിൽ, ഒരിക്കലും ഇത്തരം ഒരു അസന്തുലിതാവസ്ഥ സംജാതമാകുമായിരുന്നില്ല. ഖുർആൻ അതുപറയുന്നത് നാം ശ്രദ്ധിച്ചിരുന്നുവെങ്കിൽ ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്. അവർക്കും നിങ്ങൾക്കും നാമാണ് ആഹാരം നല്കുന്നത്. തീർച്ചയായും അവരെ കൊല്ലുന്നത് ഗുരുതരമായ പാപമാകുന്നു(17:32)

വിശുദ്ധഖുർആൻ നമ്മുടെ ആഹാരം ബന്ധിപ്പിച്ചിരിക്കുന്നത് കുട്ടികളുടെ എണ്ണവുമായിട്ടാണ്. അതുകൊണ്ട് കുട്ടികൾക്ക് ആഹാരം കൊടുക്കുന്നതു സംബന്ധമായി നിങ്ങൾ വിഷമിക്കേണ്ടതില്ല. ഈ കുട്ടികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ അല്ലാഹു(ത) നിങ്ങളുടെ കൈകളിൽ എത്തിക്കുന്നതാണ്. കുട്ടികളുടെ എണ്ണം കുറവാണെങ്കിൽ നിങ്ങളുടെ നിത്യോപയോഗ സാധനങ്ങളിലും കുറവു വരുന്നതാണ്. ഒടുവിൽ നിങ്ങളുടെ വാർദ്ധക്യകാലം ജോലിചെയ്യുന്ന ആളുകൾക്ക് നിങ്ങളൊരു ഭാരമായി മാറുന്നു. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് ഒരു കൃഷിയിടമാകുന്നു. അതുകൊണ്ട് നിങ്ങൾ ആഗ്രഹിക്കുന്ന വിധം നിങ്ങളുടെ കൃഷിയിടത്തേക്ക് ചെന്നുകൊള്ളുക. നിങ്ങൾക്ക് ആവശ്യമായത് മുൻകൂട്ടി ചെയ്തു വെയ്ക്കുകയും വേണം. (2:224)

സമ്പന്നവും ഫലദായകവുമായ മണ്ണിൽ പച്ചക്കറികളും ഫലങ്ങളും ധാരാളമായി കൃഷി ചെയ്യുന്നു. ഒരു ഭാര്യ ഫലദായകമായ മണ്ണുപോലെയാണ്. അവിടെ കുട്ടികളെയാണ് കൃഷിചെയ്യുന്നത്. കാർഷിക രംഗത്തെ തത്വ

മനുസരിച്ച് അനുകൂലസാഹചര്യത്തിൽ കൃഷിയിറക്കുകയും കൊയ്തെടുക്കുകയും ചെയ്യുക. എന്നിട്ട് ഭൂമിക്ക് ആവശ്യമായ വിശ്രമവും അനുവദിക്കുക. അതുപോലെ കുടുംബത്തിനും ഒരു വിശ്രമം അനുവദിക്കുക, എന്നാൽ അത് ഫാമിലി പ്ലാനിംഗ് അല്ല. അതുകൊണ്ട് മാതാവിന് രണ്ടു മൂന്നുവർഷം വിശ്രമം അനുവദിക്കുക എങ്കിൽ മാത്രമെ അടുത്തകുട്ടിയ്ക്ക് ജന്മം നല്കുന്നതിനും മുലയൂട്ടുന്നതിനുമുള്ള ശക്തി സംഭരിക്കുവാൻ സാധിക്കുകയുള്ളു. ഇത് സ്ത്രീയുടെ ശാരീരികശേഷി അനുസരിച്ചിരിക്കും. വൈദ്യശാസ്ത്രവഴികളിലൂടെ ഇതിന്റെ തീരുമാനത്തിലെത്തിച്ചേരുവാൻ സാധിക്കുന്നതാണ്. ആയതിനാൽ നമുക്ക് ആധുനിക രീതിയിലുള്ള വന്ധീകരണം വേണ്ടാ എന്ന് വെയ്ക്കാം. എന്നിട്ട് ആദ്യപ്രസവത്തിനു ശേഷം നമുക്ക് കുറഞ്ഞത് ഒരു മൂന്നുവർഷത്തെ ഇടവേള അനുവദിക്കാം. കുട്ടികളുമായി സമയം ചെലവഴിക്കുക (മാതാപിതാക്കൾ, വിശിഷ്യാമാതാക്കൾ) അത് നിങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടെത്തിക്കുന്നതാണ്.

മുസ്ലിം റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ പറയുന്നു. ആരാണോ മൂന്ന് പെൺമക്കളെ വളർത്തി പരിപാലിച്ച് വിവാഹിതരാക്കുന്നത് അവന് സ്വർഗം ഉറപ്പാണ്. മാത്രമല്ല, ആരോണോ കുട്ടികളെ വളർത്തി, സ്വാത്വികമായ ജീവിതം കാട്ടിക്കൊടുത്ത്, അവരെ വിദ്യാഭ്യാസം ചെയ്യിച്ചത്, അവന് അല്ലാഹുവിൽ നിന്ന് പ്രയോജനങ്ങൾ, പ്രതിഫലങ്ങൾ, ഈ കുട്ടികൾ ചെയ്യുന്ന നല്ല പ്രവർത്തനങ്ങളിൽ നിന്നും ലഭ്യമാക്കികൊടുക്കുന്നതാണ്. ഭർത്താവ് നഷ്ടപ്പെട്ട സ്ത്രീ വീണ്ടും വിവാഹം കഴിക്കുവാൻ തയ്യാറാകാതെ, തന്റെ കുട്ടികളെ വളർത്തുന്നതിന് തയ്യാറാകുന്നത്, അവൾ ചെറുപ്പവും സുന്ദരിയുമായിരിക്കെ തന്നെ, കാലം മുന്നോട്ടു പോകുമ്പോൾ, അവൾ വൃദ്ധയാകുന്നു. അവൾ അവളുടെ കുട്ടികൾക്കായി ജീവിതം ഹോമിച്ചു. അവൾക്ക് പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) വാഗ്ദാനം ചെയ്തിരിക്കുന്നു. ഒരു കയ്യിലെ രണ്ടു വിരലുകൾ എത്രത്തോളം അടുപ്പത്തിലാണോ അതുപോലെ ഞാനും അവരുമായി അടുപ്പത്തിലായിരിക്കും (അബൂദാവൂദ്)

ബുഖാരി ശരീഫിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒരിക്കൽ ഒരു സ്ത്രീ പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) നോട് ചോദിച്ചു. ഈ കുട്ടിക്ക് ഹജ്ജ് ചെയ്യുവാൻ സാധിക്കുമോ? പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) പ്രതിവചിച്ചു. അതെ! നിങ്ങൾക്ക് ഇതിന്റെ പ്രതിഫലം ലഭിക്കുന്നതുമാണ് (ബുഖാരി)

കുട്ടി ചെയ്യുന്ന ഓരോ നല്ല പ്രവർത്തിക്കും കുട്ടിയുടെ രക്ഷിതാക്കൾക്ക് അവരുടെ പ്രതിഫലം ലഭിക്കുന്നതാണ്. മുസ്ലിമിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു. ഒരു മനുഷ്യൻ മരണപ്പെടുമ്പോൾ, അവന്റെ പ്രവർത്തനങ്ങളെല്ലാം നിലച്ചു പോകുന്നതാണ്. മൂന്നു കാര്യങ്ങളൊഴികെ

1. നിലനില്ക്കുന്ന ദാനധർമ്മങ്ങൾ
2. പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്ന അറിവ്
3. അവനുവേണ്ടി പ്രാർത്ഥിക്കുന്ന സൽസന്താനം

ബുഖാരി ശരീഫിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അതായത് അനസ്(റ) 10 വർഷക്കാലം പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) ന് സേവനം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ മാതാവ് (അനസിന്റെ മാതാവ്) അദ്ദേഹത്തിനായി അതായത് തന്റെ മകനുവേണ്ടി അതായത് പ്രവാചകൻ മുഹമ്മദ്(സ)യോടെ പ്രാർത്ഥനയ്ക്ക് വേണ്ടി അപേക്ഷിക്കുകയുണ്ടായി. അങ്ങനെ പ്രവാചകൻ (സ)യുടെ പ്രാർത്ഥന അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹത്തിന് ധനവും, സന്തതികളും, മറ്റനുഗ്രഹങ്ങളും ലഭിക്കുകയുണ്ടായി. (ബുഖാരി) ബുഖാരിയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അദ്ദേഹത്തിന് 120ൽ അധികം കുട്ടികളുണ്ടായിരുന്നു. ഇത് പ്രവാചകൻ മുഹമ്മദ്(സ)യുടെ അനുഗ്രഹത്തിനു വേണ്ടിയുള്ള പ്രാർത്ഥനയുടെ ഫലമായിരുന്നു. അനേകം സന്താനങ്ങളിലൂടെ അനുഗ്രഹങ്ങൾ വരികയായിരുന്നു. രണ്ട് പേർക്ക് രണ്ടെണ്ണം എന്നതിനു പകരം കുറഞ്ഞത് നാലിനായെങ്കിലും മുന്നോട്ടു പോവുക. ഈ രീതിയിൽ വാർദ്ധക്യത്തെ നേരിടുന്ന ജനതയുടെ പ്രശ്നം നമുക്ക് പരിഹരിക്കാം.

അതുപോലെ നിങ്ങളുടെ ഒരു മകൻ വിദേശത്ത് പോയി പഠിച്ചു, അവിടെ താമസമാക്കി (മറ്റൊരു രാജ്യത്ത്) അപ്പോൾ നിങ്ങൾക്ക് വേറെ കുട്ടികൾ ഉണ്ടെങ്കിൽ വാർദ്ധക്യത്തിൽ നിങ്ങൾക്ക് അവർ ആശ്വാസമേകും. ഇനി കുട്ടികൾ ഇല്ലാത്തവർ, അവർ അല്ലാഹുവിന്റെ മാർഗത്തിൽ ചരിക്കട്ടെ(അതായത് ദീനി ജോലികൾ, പ്രബോധന വഴികൾ തുടങ്ങിയവ) കുട്ടികളുടെ അനുഗ്രഹങ്ങൾ അതിലൂടെ ലഭിക്കുന്നതിനായി! അല്ലെങ്കിൽ അനാഥനായ ഒരു കുട്ടിയെ ദത്തെടുക്കുന്നത് അഭിലഷണീയമാണ്. കുട്ടിയായിരിക്കുമ്പോൾ തന്നെ ദത്തെടുക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

അല്ലാഹു(ത) നേർപാതയിൽ നമ്മെ നയിക്കട്ടെ! എപ്പോഴും അല്ലാഹു(ത)യുടെ തൃപ്തി ലഭിക്കാനായി യത്നിക്കുക. ഇൻശാ അല്ലാഹ് ആമീൻ സുമ്മആമീൻ.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 6238065545**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**